## ജോലി സമയത്ത് മുടി ചീകാൻ പോയതും ചോദ്യം ചെയ്യപ്പെട്ടപ്പോൾ മേലുദ്യോഗസ്ഥനെ കയ്യേറ്റം ചെയ്തതും ഗുരുതരമായ പെരുമാറ്റദൂഷ്യം

### ബോംബെ ഹൈക്കോടതി

W.P. No. 2188/2017 Dt. 3.2.2021

രങ്കറാവു

x

മഹാരാഷ്ട്ര ബാബസാഹെബ് കേദാർ

സഹകാരി

ഫാക്ടറിയിൽ വൈന്റർ എന്ന തസ്തികയിൽ നിയമിതനായ തൊഴിലാളിയാണ് രങ്കറാവു. കമ്പനിയിൽ വിവിധ ഷിഫ്റ്റുകളായാണ് ജോലി സമയം ക്രമീകരിച്ചിരിക്കുന്നത്. 1995-ൽ ഒരു ദിവസം അയാൾ രണ്ടാം ഷിഫ്റ്റിൽ വൈന്റിങ് വിഭാഗത്തിൽ ജോലി ചെയ്തുകൊണ്ടിരിക്കെ രാത്രി 11:35-ന് മുതിർന്ന ഉദ്യോഗസ്ഥനായ സ്പിന്നിങ് മാസ്റ്റർ ആ വിഭാഗത്തിൽ സന്ദർശനം നടത്തിയപ്പോൾ തൊഴിലാളി യന്ത്രത്തിനരികെ നിന്ന് മാറി മുടി ചീകുന്നതാണ് കാണപ്പെട്ടത്. അപ്പോൾ ജോലി സമയം തീർന്നിട്ടില്ലെന്നും ജോലിയിൽ തുടരണമെന്നും ആ ഉദ്യോഗസ്ഥൻ തൊഴിലാളിയോട് പറഞ്ഞു. അത് ചെവിക്കൊള്ളാൻ തയ്യാറല്ലായിരുന്ന തൊഴിലാളി സ്പിന്നിങ് മാസ്റ്ററോട് അസഭ്യം പറയാൻ തുടങ്ങി. ഉടനെ സ്പിന്നിങ് മാസ്റ്റർ ലേബർ ഓഫീസറെയും കാവൽക്കാരനെയും വിളിച്ചുവരുത്തി. ഇതോടെ കൂടുതൽ ക്ഷുഭിതനായ തൊഴിലാളി വലിയോരു ഇരുമ്പുപാത്രം സ്പിന്നിങ് മാസ്റ്ററുടെ നേരെ എറിയുകയും അദ്ദേഹത്തിന് അതുമൂലം സാരമായി പരിക്കേല്ക്കുകയും ചെയ്തു. തുടർന്ന് മേനേജ്മെന്റ് അയാൾക്ക് കുറ്റപത്രം നല്കുകയും അയാൾക്കെതിരെ ഗാർഹികാന്വേഷണം നടത്താൻ തീരുമാനിക്കുകയും ചെയ്തു. അന്വേഷണം നടത്തിയ ഉദ്യോഗസ്ഥൻ മേനേജ്മെന്റിന് റിപ്പോർട്ട് സമർപ്പിച്ചു. തൊഴിലാളിക്കെതിരെ ഉന്നയിക്കപ്പെട്ട ആരോപണങ്ങൾ തെളിഞ്ഞിട്ടുണ്ടെന്നാണ് റിപ്പോർട്ടിൽ വ്യക്തമാക്കിയത്. അന്വേഷണ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ 1997-ൽ മേനേജ്മെന്റ് അയാളെ ജോലിയിൽ നിന്ന് പിരിച്ചുവിട്ടു. തന്നെ പിരിച്ചുവിട്ടത് റദ്ദാക്കണമെന്നാവശ്യപ്പെട്ട് തൊഴിലാളി ലേബർ കോടതിയെ സമീപിച്ചു. ലേബർ കോടതി തൊഴിലാളിയുടെ പരാതി തള്ളിക്കളഞ്ഞു. ഇതിനെതിരെ തൊഴിലാളി നല്കിയ അപ്പീൽ അപ്പലേറ്റ് കോടതിയും തള്ളിക്കളഞ്ഞു. തുടർന്ന് അയാൾ ഹൈക്കോടതിയിൽ റിട്ട് ഹർജി സമർപ്പിച്ചു. ഗാർഹികാന്വേഷണം നടത്തിയത് കുറ്റമറ്റവിധത്തിലല്ലെന്നും കുറ്റാരോപണങ്ങൾ തെളിഞ്ഞിട്ടില്ലെന്നും ലേബർ കോടതി വിലയിരുത്തിയതിനു ശേഷം തെളിവ് ഹാജരാക്കാൻ മേനേജ്മെന്റിന് അവസരം നല്കിയത് തന്നെ ദോഷകരമായി ബാധിച്ചുവെന്നും ക്രിമിനൽ കേസിൽ വെറുതെവിട്ട തന്നെ തിരിച്ചെടുക്കേണ്ടതാണെന്നും തൊഴിലാളി വാദിച്ചു. ഗാർഹികാന്വേഷണം സാധുവല്ലെന്നു കണ്ടാൽ തൊഴിലാളിക്കെതിരെയുള്ള കുറ്റാരോപണങ്ങൾ ലേബർ കോടതിയിൽ തെളിയിക്കാൻ മേനേജ്മെന്റിന് സ്വാതന്ത്ര്യവും അവകാശവുമുണ്ടെന്ന് ഹൈക്കോടതി ഓർമ്മിപ്പിച്ചു. ക്രിമിനൽ കേസിലെ വിധിയും ഗാർഹികാന്വേഷണത്തിന്റെ നിഗമനവും പരസ്പരം താരതമ്യം ചെയ്യാനാവില്ലെന്ന് ചൂണ്ടിക്കാട്ടിയ ഹൈക്കോടതി ക്രിമിനൽ കേസിൽ വെറുതെ വിട്ടതുകൊണ്ടു മാത്രം തൊഴിലാളിയെ തിരിച്ചെടുക്കണമെന്ന് നിർദ്ദേശിക്കാനാവില്ലെന്ന് വ്യക്തമാക്കി. ജോലി സമയത്ത് മുടിചീകാൻ പോയതും മുതിർന്ന ഉദ്യോഗസ്ഥനെ അസഭ്യം പറഞ്ഞ് കയ്യേറ്റം ചെയ്തതും ഗുരുതരമായ കുറ്റമായതിനാൽ തൊഴിലാളിയെ പിരിച്ചുവിട്ടതിൽ തെറ്റില്ലെന്ന് വിലയിരുത്തിയ ഹൈക്കോടതി ലേബർ കോടതിയുടെ വിധി ശരിവയ്ക്കുകയും തൊഴിലാളിയുടെ റിട്ട് ഹർജി തള്ളിക്കളയുകയും ചെയ്തു.